"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - ശ്രീ.ശ്രീനിവാസൻ.റ്റി.എം.- ന് അനുവദിച്ച പ്രൊവിഷണൽ സ്ഥാനക്കയറ്റം ക്രമീകരിച്ചും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികയിൽ നോഷണൽ പ്രമോഷൻ അനുവദിച്ചും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.189/2025/TAXES തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1. 10.02.2025- ൽ കൂടിയ ഡി.പി.സി (ഹയർ) മീറ്റിംഗിന്റെ മിനുറ്റ്സ്.

2. 24.12.2024 തീയതിയിലെ സ.ഉ(സാധാ) 1163/2024/നികുതി നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി 28.11.2024- ൽ കൂടിയ അഡ്ഹോക്ക് ഡി.പി.സി (ഹയർ) മീറ്റിംഗ് ശ്രീ.ശ്രീനിവാസൻ.റ്റി.എം.- ന് എതിരെ ലഘു ശിക്ഷയുള്ള അച്ചടക്ക നടപടി നടന്നു വന്നതിനെത്തുടർന്ന് ടിയാനെ പ്രൊവിഷണലായാണ് 2023 വർഷത്തെ സർക്കിൾ ഇൻസ്പെക്ടർമാരുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ ടിയാനെതിരെ ഉള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിനെത്തുടർന്ന് 10.02.2025- ൽ കൂടിയ ഡി.പി.സി (ഹയർ) മീറ്റിംഗിൽ ടിയാന് നൽകിയ പ്രൊവിഷണൽ സ്ഥാനക്കയറ്റം ക്രമീകരിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയുണ്ടായി.

2) മേൽ സാഹചര്യത്തിൽ, ശ്രീ.ശ്രീനിവാസൻ.റ്റി.എം.- ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം നൽകിയ പ്രൊവിഷണൽ സ്ഥാനക്കയറ്റം ക്രമീകരിച്ചും, ടിയാന് കെ.എസ്.ആർ പാർട്ട് (1) റൂൾ 23(സി) പ്രകാരം ടി തസ്തികയിൽ സ്ഥാനമേറ്റ തീയതിയ്ക്ക് മുൻപുവരെയുള്ള കുടിശ്ശിക ശമ്പളത്തിന് അർഹതയില്ല എന്ന വ്യവസ്ഥയോടെ 01.06.2023

തീയതി പ്രാബല്യത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികയിൽ നോഷണൽ പ്രമോഷൻ അനുവദിച്ചും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം
2. ശ്രീ.ശ്രീനിവാസൻ.റ്റി.എം, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് - ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4. വെബ് &ന്യൂ മീഡിയ
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Reese. V. A

Date: 05-03-2025 12:20:59

സെക്ഷൻ ഓഫീസർ